2022 OCTOBER

# ആരോഗ്യ കേരളം
AROGYAKERALAM

follow us on /arogyakeralam https://arogyakeralam.gov.in

### കേരളത്തിന് ദേശീയ പുരസ്കാരം

# സൗജന്യ ചികിത്സയിൽ ഇന്ത്യയിൽ കേരളം ഒന്നാമത്

## ഇന്ത്യയിൽ ആകെ നൽകിയ സൗജന്യ ചികിത്സയിൽ 15 ശതമാനത്തോളം കേരളത്തിൽ

തിരുവനന്തപുരം: കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 4.0 ൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് കേരളം കരസ്ഥമാക്കി. സംസ്ഥാനത്തിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) യാണ് ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിനുള്ള മികച്ച പ്രകടനം കാഴ്ച വച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം കരസ്ഥമാക്കിയത്. ഡൽഹിയിൽ വച്ച് നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ മന്ത്രി മൻസൂഖ് മാണ്ഡവ്യയിൽ നിന്ന് സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പുരസ്കാരം ഏറ്റുവാങ്ങി.

രാജ്യത്ത് ഏറ്റവും കൂടുതൽ പദ്ധതി വിനിയോഗത്തിൽ മുന്നിൽ നിൽക്കുന്നത് സർക്കാർ മെഡിക്കൽ കോളേജ് കോഴിക്കോടും കോട്ടയവുമാണ്. ഒരു മണിക്കൂറിൽ 180 രോഗികൾക്ക് വരെ (1 മിനിറ്റിൽ പരമാവധി 3 രോഗികൾക്ക്) പദ്ധതിയുടെ ആനുകൂല്യം നൽകാൻ കഴിഞ്ഞതിലൂടെയാണ് കേരളത്തെ തെരഞ്ഞെടുക്കാൻ കാരണമായത്. കാസ്പ് രൂപീകരിച്ച് ഇതുവരെ 43.4 ലക്ഷം സൗജന്യ ചികിത്സ ലഭ്യമാക്കിയ ഇനത്തിൽ 1636.07 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിൽ 200 സർക്കാർ ആശുപത്രികളിലൂടെയും 544 സ്വകാര്യ ആശുപത്രികളിലൂടെയും പദ്ധതിയുടെ സേവനം ലഭ്യമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പരമാവധി പേർക്ക് ചികിത്സാ സഹായം നൽകാനാണ് സംസ്ഥാനം ശ്രമിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ചികിത്സാ സഹായത്തിന് സംസ്ഥാനം നടത്തിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്. കാസ്പ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ് എച്ച് എ)യ്ക്കു രൂപം നൽകി. സ്വകാര്യ ആശുപത്രികളെ കൂടി പങ്കെടുപ്പിച്ച് ചികിത്സ ഏകോപിപ്പിക്കുന്നതിനു എസ് എച്ച് എ വലിയ പങ്കാണ് വഹിച്ചതെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള എക്സിക്യുട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ എന്നിവരും അവാർഡ് ദാന ചടങ്ങിൽ മന്ത്രിയോടൊപ്പം പങ്കെടുത്തു.



ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് കേന്ദ്ര ആരോഗ്യ മന്ത്രി മൻസൂഖ് മാണ്ഡവ്യയിൽ നിന്നും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഏറ്റുവാങ്ങുന്നു. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ തുടങ്ങിയവർ സമീപം




# നോ ടു ഡ്രഗ്സ്: ലോഗോ പ്രകാശനം ചെയ്തു



നോ ടു ഡ്രഗ്സ് ക്യാമ്പയിന്റെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും സൗരവ് ഗാംഗുലി ഏറ്റുവാങ്ങുന്നു.

തിരുവനന്തപുരം: ലഹരിക്കെതിരെ സംസ്ഥാനം ആരംഭിക്കുന്ന നോ ടു ഡ്രഗ്സ് ക്യാമ്പയിന്റെ ഭാഗമായി ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് പ്രസിഡന്റും മുൻ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റനുമായ സൗരവ് ഗാംഗുലി. ക്യാമ്പയിൻ ലോഗോ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് ഗാംഗുലി ഏറ്റുവാങ്ങി. ഗാംഗുലിയാണ് ക്യാമ്പയിന്റെ ബ്രാന്റ് അംബാസിഡർ.

കുട്ടികൾക്കും യുവാക്കൾക്കും മികച്ച വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും നൽകുന്നതു പോലെ പ്രധാനമാണ് അവരെ നേർവഴിക്ക് നടത്തലെന്ന് ഗാംഗുലി ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസ രംഗത്ത് കേരളം രാജ്യത്തു തന്നെ ഒന്നാമതാണ്. നോ ടു ഡ്രഗ്ഗ് ക്യാമ്പയിൻ രാജ്യത്തെ എല്ലാ നഗരങ്ങളിലും ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ മന്ത്രിമാരായ കെ രാജൻ, എം ബി രാജേഷ്, വി ശിവൻകുട്ടി, കെ രാധാകൃഷ്ണൻ, വി എൻ വാസവൻ, ജി ആർ അനിൽ, പി പ്രസാദ്, എ കെ ശശീന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ വി പി ജോയ് തുടങ്ങിയവർ പങ്കെടുത്തു.

# ജീവിത ശൈലീ രോഗങ്ങളെ കണ്ടെത്തുന്ന 'ശൈലി' സർവ്വേയിൽ മികച്ച പ്രവർത്തനവുമായി കാസർഗോഡ്

കാസർഗോഡ്: നവ കേരളം കർമ്മ പദ്ധതി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ജീവിത ശൈലീ രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരുന്ന 'ശൈലി' സർവ്വേയിൽ സംസ്ഥാന തലത്തിൽ കാസറഗോഡ് ജില്ല മൂന്നാം സ്ഥാനം കൈവരിച്ചു. 209696 പേരിൽ സർവ്വേ പൂർത്തിയാക്കിയാണ് ജില്ല ഈ നേട്ടം കരസ്ഥമാക്കിയത്.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലെ അഞ്ച് പഞ്ചായത്തുകളിൽ ആരംഭിച്ച സർവ്വേ നിലവിൽ 28 ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിച്ച് കഴിഞ്ഞു. 28 തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ അറുനൂറോളം പരിശീലനം ലഭിച്ച ആശാ വർക്കർമാർ ജൂൺ പകുതിയോടെയാണ് സർവ്വേ ആരംഭിച്ചത്. 30 വയസ്സിന് മുകളിലുള്ള മുഴുവൻ ആളുകളെയും നേരിൽ കണ്ട് ആരോഗ്യ സ്ഥിതിയും രോഗവിവരങ്ങളും അനാരോഗ്യകരമായ ശീലങ്ങളും പാരമ്പര്യ രോഗ പകർച്ച സാധ്യതയും ചോദിച്ചു മനസ്സിലാക്കി ശൈലി ആപ്പിൽ രേഖപ്പെടുത്തുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേയിൽ പങ്കെടുക്കുന്ന വ്യക്തിക്ക് രോഗം വരാനുള്ള സാധ്യതയുണ്ടെങ്കിൽ അപ്പോൾ തന്നെ അവരുടെ മൊബൈലിലേക്ക് സന്ദേശം പോവുകയും തുടർ പരിശോധനയ്ക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുന്നു. ജീവിത ശൈലീ രോഗങ്ങളായ രക്താതിമർദ്ദം, പ്രമേഹം, സ്തനാർബുദം, ഗർഭാശയമുഖ കാൻസർ, വായിലെ ക്യാൻസർ, വായുവിലൂടെ പകരുന്ന ക്ഷയം എന്നീ രോഗങ്ങൾക്കാണ് പ്രമുഖ പരിഗണന കൊടുക്കുന്നത്.

നിലവിൽ പൂർത്തിയായ



സർവ്വെയുടെ അടിസ്ഥാനത്തിൽ 13168 ആളുകളിൽ സ്തനാർബുദം, 2217 ആളുകളിൽ ഗർഭാശയമുഖ ക്യാൻസർ, 728 ആളുകളിൽ വായിലെ ക്യാൻസർ, 1809 ആളുകളിൽ ക്ഷയ രോഗം, 21467 ആളുകളിൽ രക്താതിമർദ്ദം, 13620 ആളുകളിൽ പ്രമേഹം എന്നീ രോഗ സാധ്യതകൾ കണ്ടെത്തി. ക്യാൻസർ രോഗം ഉറപ്പിക്കുന്നതിനുള്ള പാപ് സ്മിയർ പരിശോധനയ്ക്കും മാമോഗ്രം പരിശോധനയ്ക്കുമുള്ള സൗകര്യം കാസറഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും ഒരുക്കിയിട്ടുണ്ട്. ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ആരോഗ്യസ്ഥാപനങ്ങളിലെ നഴ്സുമാർക്കും മറ്റു ജീവനക്കാർക്കും ജില്ലാ ആശുപത്രി, കാസറഗോഡ് ജനറൽ ആശുപത്രി, മലബാർ ക്യാൻസർ കെയർ സെന്റർ എന്നിവിടങ്ങളിലായി പരിശീലനം നൽകി വരുന്നു. മറ്റു ജീവിത ശൈലീ രോഗ നിർണ്ണയത്തിനുള്ള ക്യാമ്പുകൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടേയും കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളുടേയും നേതൃത്വത്തിൽ നടത്തുന്നതാണ്. ഇങ്ങനെ കണ്ടെത്തുവരിൽ തുടർ പരിചരണം ആവശ്യമായവർക്ക് ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ ഫലപ്രദമായ ചികിത്സയും രോഗ മുക്തിയും ഉറപ്പു വരുത്തുകയാണ് ഈ സർവ്വേയുടെ ലക്ഷ്യം. ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഹബ് & സ്പോക്ക് ലാബ് സംവിധാനം ഒരുക്കുന്നതിനുള്ള കർമ്മ പരിപാടികളും നവകേരളം കർമ്മ മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി സജ്ജമാക്കുന്നതാണ്. ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വേ ആരംഭിക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ പരിശീലനം നടന്നു വരുന്നു.

# എസ്.എ.ടി.യിൽ കുട്ടികളുടെ തീവ്രപരിചരണ വിഭാഗം

## ആരോഗ്യ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു



എസ് എ ടി ആശുപത്രിയിലാരംഭിച്ച കുട്ടികളുടെ തീവ്ര പരിചരണ വിഭാഗം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു. കടകംപള്ളി സുരേന്ദ്രൻ എം എൽ എ സമീപം

തിരുവനന്തപുരം: മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ കുട്ടികളുടെ തീവ്രപരിചരണ വിഭാഗം പ്രവർത്തനം ആരംഭിച്ചു. ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. തീവ്രപരിചരണ വിഭാഗത്തിൽ മതിയായ കിടക്കയില്ലാത്തത് രോഗികൾ നേരിട്ട വലിയ പ്രശ്നങ്ങളിലൊന്നായിരുന്നു. മാതാപിതാക്കളുടെ പ്രയാസവും സ്വകാര്യ ആശുപത്രികളിൽ പോകുമ്പോഴുള്ള സാമ്പത്തിക ബാധ്യതയും മനസിലാക്കിയാണ് 32 ഐസിയു കിടക്കകൾ ഇവിടെ സജ്ജമാക്കിയത്. മുമ്പ് പീഡിയാട്രിക് ഐസിയുവിൽ 18 കിടക്കകളായിരുന്നു ഉണ്ടായത്. അതാണ് 50 കിടക്കകളാക്കി ഉയർത്തിയത്. ഇത് എസ്.എ.ടി.യുടെ ചികിത്സാ സേവനത്തിൽ കരുത്താകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി പറഞ്ഞു.

നിരവധി വികസന പ്രവർത്തനങ്ങളാണ് കുട്ടികൾക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആശുപത്രിയിൽ നടപ്പാക്കിയിട്ടുള്ളത്. വായുവിൽ കൂടി പകരുന്ന പകർച്ച വ്യാധികളിൽ നിന്നും രക്ഷനേടാൻ നെഗറ്റീവ് പ്രഷർ സംവിധാനം തീവ്രപരിചരണ വിഭാഗത്തിൽ സജ്ജമാക്കിയിട്ടുണ്ട്. 12 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് ഇവിടെ സജ്ജമാക്കി. അപൂർവ്വ രോഗമായ എസ്.എം.എ ചികിത്സക്കായി ക്ലിനികും ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 21 കുഞ്ഞുങ്ങൾക്ക് സൗജന്യമായി മരുന്ന് നൽകുവാൻ തീരുമാനിച്ചു. പീഡിയാട്രിക്, ഗ്യാസ്ട്രോ എന്ററോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിന് 93.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിൽ ഇ ജി ജി ലാബ് സജ്ജമാക്കി വരുന്നു. സംസ്ഥാന മാതൃശിശു സൗഹൃദ ആശുപത്രി ഇനീഷ്യേറ്റീവ് അംഗീകാരം ഉയർന്ന സ്കോറോടെ എസ്.എ.ടി. ആശുപത്രി കരസ്ഥമാക്കി. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എസ്.എ.ടി യിൽ പുതിയ ബ്ലോക്കും കൂടുതൽ സൗകര്യങ്ങളും ലഭ്യമാക്കും. പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോട് കൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു. ഒരു വർഷത്തിനുള്ളിൽ അമ്പതിലധികം ശസ്ത്രക്രിയകളാണ് ഇവിടെ നടത്തിയത്. ഓക്സിജൻ പ്ലാന്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്.

# ഇ–ഹെൽത്തിൽ മികവുമായി മഞ്ചേരി മെഡിക്കൽ കോളേജ്



മലപ്പുറം: ആരോഗ്യമേഖലയിലെ മികച്ച പ്രവർത്തനത്തിന് മഞ്ചേരി മെഡിക്കൽ കോളേജിന് വീണ്ടും അംഗീകാരം. ഇ ഹെൽത്ത് കേരളാ പെർഫോമൻസ് റിപ്പോർട്ടിൽ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

കേരളാ ഹെൽത്ത് മൊഡ്യൂൾ ഫലപ്രദമായി പൂർത്തിയാക്കിയത് മഞ്ചേരി മെഡിക്കൽ കോളേജാണ്. ഒരു കോടി രൂപ ചെലവിലാണ് ആശുപത്രിയിൽ ഇ-ഹെൽത്ത് സംവിധാനം ഒരുക്കിയത്. ഒ പി രജിസ്ട്രേഷൻ മുതൽ ചികിത്സയും രോഗവിവരവും മറ്റും അനായാസം ആളുകൾക്ക് ലഭ്യമാക്കി, വിവരവിനിമയം, മെഡിക്കൽ രേഖകളുടെ ഡിജിറ്റലൈസേഷൻ, ചികിത്സാ വിവരങ്ങൾ തുടങ്ങിയവയും ഇതുവഴി വിരൽത്തുമ്പിൽ ലഭ്യമാകുന്നു. മെഡിക്കൽ കോളേജ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. ലാബ്, വാർഡ്, വകുപ്പ് മേധാവികൾ ഉൾപ്പെടെയുള്ള സംവിധാനവും ഏകീകൃത കമ്പ്യൂട്ടർ ശൃഖലവഴി ബന്ധിപ്പിക്കുന്നതോടെ മെഡിക്കൽ കോളേജ് പൂർണമായും കടലാസ് രഹിതമാകും.

കൺസൾട്ടേഷൻ,പ്രിസ്ക്രിപ്ഷൻ,ലാബ് പരിശോധന, അഡ്വാൻസ് അപ്പോയിൻമെന്റ്, ഓൺലൈൻ അപ്പോയിൻമെന്റ് എന്നിവയാണ് ഒരു വർഷത്തിനിടെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി ഇ- ഹെൽത്തിലൂടെ നടത്തിയത്. ഇലക്ട്രോണിക് സംവിധാനത്തിലൂടെ രോഗീ സൗഹൃദ ചികിത്സ ഉറപ്പാക്കുന്നതിന് സാധിക്കുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ നേട്ടം. ഇ-ഹെൽത്ത് സംവിധാനം സംസ്ഥാനത്ത് 12 മെഡിക്കൽ കോളേജുകളിലാണ് നടപ്പാക്കിയിട്ടുള്ളത്.

ഇ-ഹെൽത്ത് കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇ ഹെൽത്ത് പദ്ധതിയുടെ വർക്ക് 47 ആരോഗ്യസ്ഥാപനങ്ങളിൽ ഇതിനോടകം പൂർത്തിയായി. 41 കുടുംബാരോഗ്യകേന്ദ്രങ്ങൾ, 5 അർബൻ ഫാമിലി ഹെൽത്ത് സെന്ററുകൾ, 1 മെഡിക്കൽ കോളേജ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. 33 സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് ആരംഭിച്ചു കഴിഞ്ഞു.

ജില്ലയിൽ 40 ലക്ഷം പേരുടെ ആധാർ വിവരങ്ങൾ ഇതിനകം ആശുപത്രികളിലെ കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ചു കഴിഞ്ഞു. ഇ ഹെൽത്തിനുള്ള വ്യക്തിഗത കാർഡ് തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള സർവേയും പുനരാരാംഭിച്ചു. വിവരശേഖരണം പൂർത്തിയാകുന്നതോടെ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുകളിൽ വരെ ഓൺലൈൻ ഒപി ഏർപ്പെടുത്താനാകും.




# ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. എസ് കാർത്തികേയൻ ചുമതലയേറ്റു



തിരുവനന്തപുരം: ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറായി ഡോ. കാർത്തികേയൻ ചുമതലയേറ്റു. തമിഴ്നാട് സ്വദേശിയായ ഇദ്ദേഹം 2011 ഐ എ എസ് കേരള ബാച്ചാണ്.

നിലവിൽ ഡയറക്ടറായിരുന്ന ഡോ. രത്തൻ യു ഖേൽക്കർ ഐ ടി സെക്രട്ടറിയായും ചുമതലയേറ്റു. എക്സൈസ് നികുതി വകുപ്പിന്റെ ചുമതലയും അദ്ദേഹത്തിനാണ്.

# അട്ടപ്പാടിയിൽ കുട്ടികളിലെ വിളർച്ച നേരത്തെ കണ്ടെത്താൻ രക്ത ശോഭ പദ്ധതി



രക്ത ശോഭ പദ്ധതിയുടെ ഉദ്ഘാടനം ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി രാമമൂർത്തി നിർവഹിക്കുന്നു

പാലക്കാട് : അട്ടപ്പാടി മേഖലയിലെ കുട്ടികളിലെ വിളർച്ച നേരത്തെ കണ്ടെത്തി ചികിത്സ നൽകുന്നതിനായി രക്ത ശോഭ പദ്ധതിയുമായി ഷോളയൂർ കുടുംബാരോഗ്യകേന്ദ്രം. മൂന്നു മുതൽ പത്തു വയസ്സുവരെയുള്ള കുട്ടികളിലാണ് പദ്ധതി നടപ്പാക്കുന്നത്. ആരോഗ്യ കേന്ദ്രത്തിന് കീഴിലെ മൂന്ന് വയസ്സു മുതൽ പത്ത് വയസ്സു വരെയുള്ള കുട്ടികളിൽ ഹീമോഗ്ലോബിന്റെ അളവ് പരിശോധിച്ച് തുടർ ചികിത്സ നൽകി രക്ത കുറവ് മൂലമുള്ള മരണങ്ങൾ തടയുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ആവശ്യത്തിന് ചുവന്ന രക്താണുക്കൾ ശരീരത്തിലില്ലാത്ത അവസ്ഥയാണ് വിളർച്ച. ഇത് ശരീരത്തിൽ ഓക്സിജന്റെ അപര്യാപ്തത ഉണ്ടാക്കുന്നു. ഇത് തീവ്രമായ ആരോഗ്യപ്രശ്നങ്ങൾക്കും മരണത്തിന് പോലും കാരണമാകാം. അട്ടപ്പാടിയിൽ കുട്ടികളിൽ വിളർച്ച കൂടുതൽ കണ്ടു വരുന്ന സാഹചര്യത്തിലാണ് രക്ത ശോഭ പദ്ധതി ആവിഷ്കരിച്ചത്. ഹീമോഗ്ലാബിൻ പരിശോധനക്കായി ആരോഗ്യ ഉപകേന്ദ്രങ്ങളിൽ അതിവേഗം ഹീമോഗ്ലോബിൻ പരിശോധിക്കുന്ന ഹീമോഗ്ലോബിനോ മീറ്ററുകൾ ലഭ്യമാക്കിയിട്ടുണ്ട്. ബുധനാഴ്ചകളിൽ കുടുംബാരോഗ്യ കേന്ദ്രത്തിലും സബ് സെന്ററുകളിലും ഊരുകളിലും ഒ. ആർ. ഐ ക്യാമ്പുകൾക്കൊപ്പം രക്ത ശോഭ സ്ക്രീനിംഗ് ക്യാമ്പ് ജൂനിയർ പബ്ലിക് ഹെൽത് നഴ്സുമാർ മുഖേന നടത്തി വരുന്നു. ഗുരുതരമായി വിളർച്ച ബാധിച്ച കുട്ടികളെ അതേ ദിവസവും ഗുരുതരമല്ലാത്ത വിളർച്ച ബാധിച്ച കുട്ടികളെ രണ്ട് ദിവസത്തിനകവും തുടർ ചികിത്സയ്ക്കും പരിശോധനകൾക്കുമായി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ ഉറപ്പു വരുത്തുന്നതുമാണ് പദ്ധതിയുടെ പ്രവർത്തനരീതി.

പദ്ധതിയുടെ ഭാഗമായി ഓരോ കുട്ടിയുടേയും ഹീമോഗ്ലോബിന്റെ അളവ്, തുടർ പരിശോധനകൾ തുടങ്ങിയ

> അട്ടപ്പാടിയിൽ കുട്ടികളിൽ വിളർച്ച കൂടുതൽ കണ്ടു വരുന്ന സാഹചര്യത്തിലാണ് രക്തശോഭ പദ്ധതി ആവിഷ്കരിച്ചത്

വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാനും മാസാവസാനം റിപ്പോർട്ട് സമർപ്പിക്കാനും ആരോഗ്യപ്രവർത്തകർക്ക് മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിൽ നടക്കുന്ന മൂന്നാമത്തെ പ്രത്യേക പൈലറ്റ് പരിപാടിയാണ് രക്ത ശോഭ. നേരത്തെ നവവധുക്കൾക്ക് വേണ്ടി പ്രത്യേക സ്ക്രീനിങ് പ്രോഗ്രാമും കൗമാര പ്രായക്കാർക്ക് വേണ്ടി 'തമ്പ്' സ്ക്രീനിങ് പരിപാടിയും സംഘടിപ്പിച്ചിരുന്നു. പദ്ധതി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി രാമമൂർത്തി ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ഓഫീസർ ഡോക്ടർ വിനോദ് ബാബു അധ്യക്ഷനായി.



# ലാപ്രോ സ്കോപിക് ശസ്ത്രക്രിയകൾ പുനരാരംഭിച്ച് കൊല്ലം ജില്ലാ ആശുപത്രി

കൊല്ലം : സ്വകാര്യ ആശുപത്രിയിൽ ലക്ഷങ്ങൾ ചിലവഴിക്കേണ്ടി വരുന്ന ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയകൾ അഞ്ചു രൂപ ഓ.പി ടിക്കറ്റിന്റെ ചിലവിൽ ഇനി മുതൽ ജില്ലാ ആശുപത്രിയിൽ ചെയ്യാവുന്നതാണ്. ദീർഘ നാളത്തെ ഇടവേളക്കു ശേഷമാണു ജില്ലാ ആശുപത്രിയിൽ ലാപ്രോസ്കോപിക് ശസ്ത്രക്രിയകൾ പുനരാരംഭിക്കുന്നത്. ശസ്ത്രക്രിയ പുനരാരംഭിച്ച ശേഷം അപ്പെൻഡിസൈറ്റിസ് സ്ഡയഗ്നോസ്റ്റിക് ലാപ്രോസ്കോപിക് ശസ്ത്രക്രിയയാണ് ആദ്യമായി നടത്തിയത്. നിലവിൽ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെ മെഷീനുകൾ ലഭ്യമാക്കിയാണ് ജില്ലാ ആശുപത്രിയിലെ ലാപ്രോസ്കോപിക് ശസ്ത്രക്രിയകൾ നടത്തുന്നത്. ജില്ലാ ആശുപത്രിക്കു സ്വന്തമായി ലാപ്രോസ്കോപിക് മെഷീനുകൾ 6 മാസത്തിനുള്ളിൽ ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഉദര സംബന്ധമായ രോഗ നിർണയത്തിന് ഇത് ഏറെ ഫലപ്രദമാണിത്.

എക്സ്-റേ, സി.ടി സ്കാൻ എന്നിവയിൽ വ്യക്തമാകാത്ത, മുഴകൾ, കുടൽ ഒട്ടിപിടിക്കൽ, അപ്പെൻഡിസൈറ്റിസ്, ഹെർണിയ, ഗർഭപാത്രത്തിലെ മുഴ, തുടങ്ങിയവയെല്ലാം കൃത്യതയോടെ കണ്ടെത്തുവാനും മികച്ച ചികിത്സ നൽകുവാനും ഇതിലൂടെ സാധിക്കുന്നു. ശസ്ത്രക്രിയ നടത്തി തൊട്ടടുത്ത ദിവസം രോഗിക്ക് ആശുപത്രി വിടാനാകുന്നതും , മൂന്നാമത്തെ ദിവസം മുതൽ പതിവ് ജീവിതത്തിലേക്ക് കടക്കാനാകുക എന്നുള്ളതും ഇത്തരം ശസ്ത്രക്രിയകളുടെ ഏറ്റവും മികച്ച ഗുണമാണ്.

# സംസ്ഥാനത്തെ എല്ലാ ആശുപത്രികളേയും ഘട്ടം ഘട്ടമായി മാതൃകാ ആന്റി റാബീസ് ക്ലിനിക്കുകളാക്കും: ആരോഗ്യമന്ത്രി



തിരുവനന്തപുരം തൈക്കാട് ഗവ ആർട്സ് കോളേജിൽ നടന്ന ലേക റാബീസ് ദിനം സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു.

തിരുവനന്തപുരം: സംസ്ഥാനത്തെ എല്ലാ ആശുപത്രികളേും ഘട്ടം ഘട്ടമായി മാതൃകാ ആന്റി റാബീസ് ക്ലിനിക്കുകളാക്കി മാറ്റുമെന്ന് വനിതാ ശിശു വികസനവും ആരോഗ്യവും വകുപ്പ് മന്ത്രി വീണാ ജോർജ്.

ലോക റാബീസ് ദിനം സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം തൈക്കാട് ഗവ. ആർട്സ് കോളേജിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. മാതൃകാ ആന്റി റാബീസ് ക്ലിനിക്കുകളാക്കി മാറ്റുന്നതിന്റെ ആദ്യ പടിയായിയാണ് എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മാതൃകാ ആന്റി റാബീസ് ക്ലിനിക്കുകൾ ആരംഭിക്കുന്നത്. നായകളിൽ നിന്നും കടിയേറ്റ് വരുന്നവർക്ക് ഏകീകൃതമായ ചികിത്സാ സംവിധാനമൊരുക്കുകയാണ് ലക്ഷ്യം. നായകളിൽ നിന്നുള്ള കടിയേറ്റ് വരുന്നവരുടെ ആശങ്കയകറ്റുന്നതിന് കൗൺസിലിംഗ്



> നായകളിൽ നിന്നും കടിയേറ്റ് വരുന്നവർക്ക് ഏകീകൃതമായ ചികിത്സാ സംവിധാനം ഒരുക്കുകയാണ് ലക്ഷ്യം


ഉൾപ്പെടെ ഈ കേന്ദ്രങ്ങളിൽ സാധ്യമാക്കും - മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് നായകളിൽ നിന്നും പൂച്ചകളിൽ നിന്നും കടിയേൽക്കുന്നവരുടെ എണ്ണം വലിയ തോതിലാണ് വർധിച്ചത്. ഈ വർഷം ആഗസ്റ്റ് വരെ 1,96,616 പേർക്ക് നായകളുടെ കടിയേറ്റു. ഇന്ത്യയിലെ കണക്കുകളനുസരിച്ച് മരണം ഏറ്റവും കുറവ് കേരളത്തിലാണ്. പേവിഷബാധ മൂലമുള്ള മരണങ്ങൾ പൂർണമായി ഒഴിവാക്കുകയാണ് ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാനത്ത് പേവിഷബാധ പ്രതിരോധ വാക്സിൻ സൗകര്യമുള്ള 573 സർക്കാർ കേന്ദ്രങ്ങളാണുള്ളത്. ഇമ്മ്യൂണോ ഗ്ലോബുലിൻ നൽകുന്ന 43 സർക്കാർ സ്ഥാപനങ്ങളുമുണ്ട്.

ഗതാഗതവകുപ്പ്മന്ത്രിആന്റണി രാജു ചടങ്ങിൽ അധ്യക്ഷനായി.

# കുട്ടികളിലെ കാഴ്ച വൈകല്യം: നൂതന ചികിത്സാ രീതിയുമായി ഡിഇഐസി



കൽപ്പറ്റ: കുട്ടികളിലെ കാഴ്ച വൈകല്യം നേരത്തേ കണ്ടെത്തി ഫലപ്രദമായി പരിഹരിക്കാനുള്ള നൂതന ചികിത്സാ രീതിയുമായി ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം. കൈനാട്ടി ജനറൽ ആശുപത്രി പരിസരത്ത് പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററിൽ സെറിബ്രൽ (കോർട്ടിക്കൽ) വിഷൻ ഇമ്പയർമെന്റ് ഉള്ള കുട്ടികൾക്കായി സിവിഐ ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചു.

മസ്തിഷ്ക ക്ഷതം കാരണം സംഭവിക്കുന്ന കാഴ്ച വൈകല്യമാണ് സി വി ഐ. സാധാരണ കാഴ്ച വൈകല്യത്തിൽ നിന്ന് വ്യത്യസ്തമാണ് ഇത്. തലച്ചോറിന്റെ വിഷ്വൽ സെന്ററുകളെയും പാതകളെയുമാണ് സിവിഐ ബാധിക്കുന്നത്. ഇതു കാഴ്ച സംവേദനം ചെയ്യുന്ന തലച്ചോറിന്റെ ഭാഗങ്ങൾക്ക് കേടുപാടുകൾ ഉണ്ടാക്കുന്നു. നവജാത ശിശുക്കളിലും കുട്ടികളിലുമാണ് വൈകല്യം കൂടുതൽ കണ്ടുവരുന്നത്. മാസം തികയാതെ ജനിക്കുന്ന കുഞ്ഞുങ്ങൾ, ജനിച്ച സമയത്ത് ഓക്സിജൻ അഭാവം മൂലം ആരോഗ്യ പ്രശ്നങ്ങളുണ്ടായ കുഞ്ഞുങ്ങൾ, രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് കുറഞ്ഞ കുഞ്ഞുങ്ങൾ, മെനിഞ്ചൈറ്റിസ് മുതലായ രോഗങ്ങൾ വന്നിട്ടുള്ള കുട്ടികൾ എന്നിവരിൽ ഈ വൈകല്യ സാധ്യത കൂടുതലാണ്. ഇത്തരം കുഞ്ഞുങ്ങളെ വിവിധ നേത്ര പരിശോധനകളിലൂടെ നേരത്തേ കണ്ടെത്തി എത്രയും പെട്ടെന്ന് ചികിത്സ ആരംഭിക്കേണ്ടതുണ്ട്. ഡിഇഎസിയിൽ പ്രവർത്തിച്ചുവരുന്ന സിവിഐ ക്ലിനിക്കിൽ തുടർച്ചയായ തെറാപ്പികളിലൂടെ ഈ കാഴ്ച വൈകല്യം ലഘൂകരിക്കാൻ കഴിയും. ഇതിനായി പ്രത്യേകം പരിശീലനം ലഭിച്ച ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം ലഭ്യമാണ്.



# മൃഗങ്ങളിൽ നിന്നും കടിയേറ്റാൽ പ്രഥമ ശുശ്രൂഷ പ്രധാനം



(തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോ. പ്രൊഫസർ ഡോ. അജിത്ത് ചക്രവർത്തിയുമായി നടത്തിയ അഭിമുഖ സംഭാഷണം)

***ഏതെല്ലാം മൃഗങ്ങളിൽ നിന്നും പേവിഷബാധ ഉണ്ടാവാം?***
നാഡീവ്യൂഹത്തെ ബാധിക്കുന്ന ഒരു അസുഖമാണ് പേവിഷബാധ. പ്രധാനമായും സസ്തനികളിലാണ് ഈ രോഗം ഉണ്ടാവുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പട്ടികളിൽ നിന്നാണ് പേവിഷബാധ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതുപോലെ പൂച്ച, മറ്റ് വന്യമൃഗങ്ങളിൽ നിന്നും പേവിഷബാധ ഉണ്ടാവാറുണ്ട്. ചില രാജ്യങ്ങളിൽ വവ്വാലുകളിൽ നിന്നും രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

***മൃഗങ്ങളിൽ നിന്നും കടിയേറ്റാൽ മുറിവ് കഴുകുകയോണോ അതോ ഉടൻ ആശുപത്രിയിലെത്തിക്കുകയാണോ വേണ്ടത്?***
പേവിഷബാധ മൃഗങ്ങളുടെ ഉമിനീരിൽ കൂടിയാണ് പകരുന്നത്. പേവിഷബാധയേറ്റ മൃഗങ്ങളിൽ വൈറസ് ആദ്യം തലച്ചോറിനെയാണ് ബാധിക്കുക. തലച്ചോറിൽ ബാധിച്ച ശേഷം ഉമിനീരിൽ കൂടി മറ്റുള്ളവരിലേക്ക് പകരുന്നു. പേവിഷബാധയേറ്റ മൃഗം ഒരാളെ കടിക്കുമ്പോൾ ആ വൈറസ് ഉമിനീരിലൂടെ മുറിവിലെത്തുന്നു. മുറിവിൽ നിന്നും മൾട്ടിപ്ലൈഡ് ചെയ്തതിനു ശേഷമാണ് തലച്ചോറിലെത്തുന്നത്. നാഡീവ്യൂഹത്തിൽ എത്തുന്നതു വരെ നമുക്ക് പ്രതിരോധിക്കാൻ സാധിക്കും. നാഡീവ്യൂഹത്തെ ബാധിച്ച് തലച്ചോറിൽ എത്തി കഴിഞ്ഞാൽ ചികിത്സ ലഭ്യമല്ല. അതിനാൽ കടിയേറ്റാൽ വൈറസിന്റെ അളവ് കുറക്കുക എന്നുള്ളതാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. അതിനാൽ കടിയേറ്റ ഉടൻ, മുറിവ് ഒഴുകുന്ന വെള്ളത്തിൽ സോപ്പ് ഉപയോഗിച്ച് 10-15 മിനുറ്റ് വരെ കഴുകുക. ലഭ്യമാണെങ്കിൽ പൊവിഡോൺ അയഡിൻ, സ്പിരിറ്റ് തുടങ്ങിയ ആന്റിസെപ്റ്റിക് ലായനികളും ഉപയാഗിക്കാം. ശേഷം ആശുപത്രിയിലെത്തിക്കുക.

***മുറിവ് കെട്ടിവെക്കുന്നത് ശരിയായ രീതിയാണോ?***
മുറിവ് കെട്ടിവെക്കുന്നത് വൈറസ് വ്യാപനത്തിന് കാരണമാകും. വേണമെങ്കിൽ അയഞ്ഞ രീതിയിൽ കെട്ടാവുന്നതാണ്.

***മൃഗങ്ങളുടെ കടിയേറ്റുണ്ടായ മുറിവിൽ മഞ്ഞൾ പൊടി പുരട്ടുക, വസ്തുക്കൾ ചൂടാക്കിവയ്ക്കുക തുടങ്ങിയവ ഫലപ്രദമാണെന്ന് പണ്ടുള്ളവർ പറഞ്ഞു കേൾക്കാറുണ്ട്. ഇത് എത്രമാത്രം ശാസ്ത്രീയമാണ്?***
മുറിവിൽ ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ മുറിവിലെ രക്തയോട്ടം കൂടുകയും അതുവഴി വൈറസ് പെട്ടെന്ന് നാഡീവ്യൂഹത്തെ ബാധിക്കുന്നതിനും ഇടയാകും. അതിനാൽ ഈ മിഥ്യാധാരണകൾ ഒഴിവാക്കേണ്ടതാണ്.

***നക്കുക, പോറലേൽക്കൽ, മുറിവുകൾ ഉണ്ടാവുക ഇങ്ങനെ പല കാറ്റഗറിയിലുള്ള സമ്പർക്കം മൃഗങ്ങളിൽ നിന്നും ഉണ്ടാവാറുണ്ട. ഇതിൽ ഏതൊക്കെ ഘട്ടത്തിലാണ് ആശുപത്രിയിലെത്തി ചികിത്സ തേടേണ്ടത്?***
എല്ലാ സാഹചര്യത്തിലും ഡോക്ടറുടെ അഭിപ്രായം തേടേണ്ടത് അത്യാവശ്യമാണ്. പട്ടിയിൽ നിന്നോ പൂച്ചയിൽ നിന്നോ നക്കലുണ്ടാവുന്നത് കാറ്റഗറി ഒന്നിൽ ഉൾപ്പെടുത്താം. ഇത്തരം സാഹചര്യത്തിൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം 10 ദിവസം നിരീക്ഷിക്കാം. മുഖത്തോ, വിരലുകൾക്കിടയിലോ അല്ലാത്ത രക്തമില്ലാത്ത ചെറിയ പോറലുകളാണ് രണ്ടാമത്തെ കാറ്റഗറിയിൽ വരുന്നത്. ഇതിന് വാക്സിനേഷൻ ആവശ്യമാണ്. രകതത്തോടെയുള്ള വലിയ രീതിയിലുള്ള മുറിവുകളാണ് കാറ്റഗറി മൂന്നിൽ ഉൾപ്പെടുന്നത്. ഇത് പെട്ടെന്ന് നാഡീവ്യൂഹത്തെ ബാധിക്കാനിടയുണ്ട്. അതിനാൽ വാക്സിനോടൊപ്പം പെട്ടെന്ന് പ്രതിരോധം ലഭിക്കുന്നതിനായി ഇമ്മ്യൂണോഗ്ലോബുലിനും ആവശ്യമായി വരും.

***വീടുകളിൽ വളർത്തുന്ന വാക്സിനെടുത്ത മൃഗങ്ങളിൽ നിന്നും കടിയോ മറ്റും ഉണ്ടായാൽ വാക്സിൻ സ്വീകരിക്കേണ്ടതുണ്ടോ?***
വാക്സിനെടുത്ത വളർത്തുമൃഗമായാൽപ്പോലും ചിലപ്പോൾ അപൂർവ്വം സാഹചര്യങ്ങളിൽ റാബിസ് വന്നേക്കാം. അതിനാൽ ഡോക്ടറുടെ അഭിപ്രായം തേടുന്നതാണ് നല്ലത്. നക്കലോ ചെറിയ പോറലോ ആണെങ്കിൽ വളർത്തുമൃഗത്തെ ഡോക്ടറുടെ നിർദ്ദേശപ്രകാരം 10 ദിവസം നിരീക്ഷിച്ചതിന് ശേഷം ചികിത്സ തേടാം.

***ഇമ്മ്യൂണോഗ്ലോബുലിൻ എത്രമാത്രം പ്രധാനപ്പെട്ടതാണ്?***
മൃഗങ്ങളിൽ നിന്നും കാറ്റഗറി മൂന്നിൽപ്പെടുന്ന മുറിവുകളാണ് ഉണ്ടാവുന്നതെങ്കിൽ ഇമ്മ്യൂണോഗ്ലോബുലിൻ നൽകേണ്ടത് അത്യാവശ്യമാണ്. കാരണം റാബിസ് വാക്സിനിൽ നിന്നും പ്രതിരോധം ഉണ്ടാവാൻ 10 ദിവസം വരെ എടുക്കും. വേഗത്തിലുള്ള പ്രതിരോധത്തിനാണ് ഇമ്മ്യൂണോഗ്ലോബുലിൻ. ഇത് മുറിവിൽ തന്നെയാണ് കുത്തിവെക്കുന്നത്.

***പട്ടിയോ പൂച്ചയോ കടിച്ചു കഴിഞ്ഞാൽ ഉടനടി ആശുപത്രിയിലെത്തണോ അതോ 24 മണിക്കൂറിനുള്ളിൽ എത്തിച്ചേർന്നാൽ മതിയോ?. അതുപോലെ വാക്സിനെടുക്കേണ്ട ദിവസങ്ങളിൽ മാറ്റം ഉണ്ടായാൽ പ്രശ്നമുണ്ടോ?***
രക്തമുള്ള വലിയ മുറിവുകൾ ഉണ്ടായാൽ എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തണം. നക്കലോ ചെറിയ പോറലോ ആണെങ്കിൽ നിരീക്ഷിച്ച് പിന്നീട് ആശുപത്രിയിലെത്തിയാലും മതി. 3,7,28 എന്നീ ദിവസ ഇടവേളകളിലാണ് റാബിസ് വാക്സിൻ സ്വീകരിക്കേണ്ടത്. ഇതിൽ വാക്സിനെടുക്കേണ്ട ദിവസം പോവാൻ പറ്റിയില്ലെങ്കിൽ അതിന്റെ തൊട്ടടുത്ത ദിവസം തന്നെ വാക്സിൻ എടുക്കേണ്ടതാണ്.



**ഡോ. പി എൻ വിദ്യാധരൻ**
ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ
കോട്ടയം

ലോക രോഗീ സുരക്ഷ ദിനം 2022

# രോഗീ സുരക്ഷ നമ്മുടെ ഉത്തരവാദിത്തം

**എല്ലാ** വർഷവും സെപ്തംബർ 17 ലോകമെമ്പാടും രോഗി സുരക്ഷാദിനമായി ആചരിക്കുകയാണ്. മരുന്ന് ഉപയോഗത്തിലെ സുരക്ഷ എന്നതാണ് ഈ വർഷത്തെ ആപ്തവാക്യം. ലോകമെമ്പാടും ഒട്ടേറെ രോഗാതുരതയും, മരണവും, സുരക്ഷിതമല്ലാത്ത മരുന്ന് ഉപയോഗം മൂലം സംഭവിക്കുന്നുണ്ട്. മരുന്നുകളുടെ ഗുണനിലവാര പരിശോധന, ശാസ്ത്രീയമായ പരിപാലനം, അശാസ്ത്രീയമായ ഉപയോഗം, അമിത ഉപയോഗം, കുറഞ്ഞ അളവിലുള്ള ഉപയോഗം (കൃത്യമായി മരുന്നു കഴിക്കാത്തത്) ഭക്ഷണവും മരുന്നുമായുള്ള പ്രതിപ്രവർത്തനം, മരുന്ന് വിതരണത്തിലുള്ള തെറ്റുകൾ, കാഴ്ചയിലും/പേരിലുമുള്ള സാമ്യതകൾ മൂലവും മരുന്നുപയോഗത്തിലെ സുരക്ഷയിൽ വീഴ്ചകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. കൃത്യമായ ബോധവൽക്കരണത്തിലൂടെ സേവനദാതാവിനും ഗുണഭോക്താവിനും മരുന്ന് ഉപയോഗത്തിലെ സുരക്ഷയെകുറിച്ച വേണ്ടത്ര വ്യക്തതവരുത്തുക എന്നുള്ളതാണ് ഈ ദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. അതോടൊപ്പം സേവനദാതാവിനും, സമൂഹത്തിനും ചില ഉത്തരവാദിത്തങ്ങളുണ്ട്.


**ആശുപത്രി / സേവനദാതാവിന്റെ ഉത്തരവാദിത്വങ്ങൾ**

1. കൃത്യമായ രോഗനിർണ്ണയം നടത്തുക
2. ഏകീകൃത ചികിത്സ മാർഗരേഖകൾ അനുസരിച്ചു ചികിത്സ തീരുമാനിക്കുക
3. ആശുപത്രികളിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കൃത്യമാർന്ന ഇടവേളകളിൽ പരിശീലനം ഉറപ്പാക്കുക
4. FIVE-R പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക (Right Drug, Right Patient, Right Dose, Right Root, Right Time)
5. രോഗികളെയും ബന്ധുക്കളെയും മരുന്ന് ഉപയോഗത്തിലെ സുരക്ഷയെ കുറിച്ച് ബോധവൽക്കരിക്കുക

**സമൂഹത്തിന്റെ ഉത്തരവാദിത്വങ്ങൾ**

1. മരുന്ന് ഉപയോഗത്തിലെ സുരക്ഷാ പ്രാധാന്യം തിരിച്ചറിയുക. അനാവശ്യ മരുന്നുകളുടെ ഉപയോഗം, അമിത ഉപയോഗം എന്നിവ ഒഴിവാക്കുക
2. ഡോക്ടറുടെ നിർദേശാനുസരണം മാത്രം പറയുന്ന അളവിൽ നിശ്ചയിച്ചിരിക്കുന്ന സമയത്തു മാത്രം മരുന്ന് കഴിക്കുക
3. ഡോക്ടർ നിർദേശിക്കുന്നത് അനുസരിച്ചു ഭക്ഷണവും മരുന്നും തമ്മിലുള്ള ഇടവേളകൾ അറിയുകയും പാലിക്കുകയും ചെയ്യുക
4. അംഗീകൃതമല്ലാത്ത (വ്യാജ) ചികിത്സകരുടെ സേവനം ഉപയോഗിക്കാതിരിക്കുക.
5. സ്വയം ചികിത്സ ഒഴിവാക്കുക
6. മരുന്ന് സൂക്ഷിക്കാൻ നിർദേശിക്കപ്പെട്ട ഊഷ്മാവിലും, പരിതസ്ഥിതിയിലും ആണ് സൂക്ഷിക്കുന്നതെന്നു ഉറപ്പുവരുത്തുക.
7. മരുന്ന് ഉപയോഗത്തിലൂടെ ഏതെങ്കിലും തരത്തിലുള്ള പാർശ്വഫലങ്ങൾ ഉണ്ടായാൽ എത്രയും പെട്ടെന്ന് ഡോക്ടറെ സമീപിച്ചു ചികിത്സ തേടുക.
8. ഉപയോഗശേഷം മരുന്നുകൾ മിച്ചം വന്നാൽ അത് വലിച്ചെറിയാതെ ശാസ്ത്രീയമായി നശിപ്പിക്കുകയോ സംസ്കരിക്കുന്നതിനായി അടുത്തുള്ള ആശുപത്രിയെ ഏൽപിക്കുകയോ ചെയ്യുക





# നേത്രദാന പക്ഷാചരണം സംഘടിപ്പിച്ചു

ഇടുക്കി: ജില്ലാമെഡിക്കൽ ആഫീസിന്റെയും ആരോഗ്യകേരളത്തിന്റെയും സംയുകതാഭിമുഖ്യത്തിൽ നേത്രദാനത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നതിന് ആഗസ്ത് 25 മുതൽ സെപ്റ്റംബർ 8 വരെ നേത്രദാന പക്ഷാചരണം സംഘടിപ്പിച്ചു. പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാതല ഉദ്ഘാടനവും സൗജന്യ നേത്ര പരിശോധന ക്യാമ്പും പുറപ്പുഴ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നടന്നു.

ജില്ലയിൽ സേവനം ലഭ്യമായ 25 ആരോഗ്യസ്ഥാപനങ്ങളിൽ ബോധവത്കരണ സെമിനാറുകളും നേത്രദാന പദ്ധതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ബോർഡ് സ്ഥാപനവും നടന്നു. പൊതുജനങ്ങളിലേക്ക് നേത്രദാന അവബോധം സൃഷ്ടിക്കുന്നതിനായി എഴുതി തയ്യാറാക്കിയ കവിതയുടെ ദൃശ്യാവിഷ്കാരവും പക്ഷാചരണ ഭാഗമായി നടന്നു. 'നേത്രദാനം മാഹാദാനം' എന്ന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് പദ്ധതി മുഖേന സാധിച്ചു.




**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
**ഡോ. എസ് കാർത്തികേയൻ**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

അസി. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെ.സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ.സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ
**വി കെ വർഷ**
ജെ.സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഃസി), തൃശൂർ
**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡിഃസി), കോട്ടയം
**വർഷ ജയപ്രകാശ്**
ജെ സി (ഡിഃസി), തിരുവനന്തപുരം
**അശ്വിനി രവീന്ദ്രൻ**
ജെ സി (ഡിഃസി), കൊല്ലം
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡിഃസി), ഇടുക്കി
**പ്രീത എം**
ജെ.സി(ഡിഃസി), പാലക്കാട്
**അജിത്കുമാർ പി എ**
ജെ.സി(ഡിഃസി), പത്തനംതിട്ട
**ദിവ്യ ഇ ആർ**
ജെ.സി(ഡിഃസി), മലപ്പുറം
**നിജിൽ**
ജെ.സി(ഡിഃസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ.സി(ഡിഃസി), കണ്ണൂർ
**കമൽ കെ ജോസ്**
ജെ.സി(ഡിഃസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്